**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 862** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേയുടെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

**<u>മറുപടി:</u>** തോട്ടപ്പള്ളി സ്പിൽവേ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി നിർദ്ദിഷ്ട സ്പിൽവേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് മണ്ണ് പരിശോധനയും (soil investigation) Topographical survey-യും നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനകളുടെയും സർവ്വേയുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**(ബി)** തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേയുടെ നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

**<u>മറുപടി:</u>** സ്പിൽവേയുടെ ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. തുടർന്ന് പദ്ധതിക്ക് ആവശ്യമായ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയതിന് ശേഷം, ടെണ്ടർ നടപടികളിലൂടെ സ്പിൽവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

**(സി)** തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേയുടെ നിർമ്മാണം ആരംഭിച്ചാൽ എത്ര വർഷം കൊണ്ട് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

**<u>മറുപടി:</u>** DPR തയ്യാറാക്കിയതിനുശേഷം ആയതിന്റെ കാലയളവ് നിശ്ചയിക്കാൻ സാധിക്കുന്നതാണ്.

**(ഡി)** നിർമ്മാണം ആരംഭിച്ചിട്ടില്ലായെങ്കിൽ അത് ജീവനക്കാരുടെ വീഴ്ച മൂലമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**<u>മറുപടി:</u>** തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി നിർദ്ദിഷ്ട സ്പിൽവേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് മണ്ണ് പരിശോധന (soil investigation), Topographical survey യും നടത്തുകയും ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അനന്തരനടപടികൾ ത്വരിതഗതിയിലാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**